വിൽപ്പന നികുതി നിയമം

*341 [359] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിൽപ്പന നികുതി നിയമം ലളിതമാക്കി, കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്ന ഇന്നത്തെ ആക്ററിലെ പഴുതുകൾ മാററിക്കളയുന്നതിന് നടപടി എടുക്കാമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

വിൽപ്പന നികുതി നിയമത്തിൽ യുക്തമായ പരിഷ്കാരം കാലാകാലങ്ങളിൽ വരുത്തിയിട്ടുണ്ട്. കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള പഴുതുകളൊന്നും വിൽപ്പന നികുതി നിയമത്തിൽ ഉള്ളതായി തോന്നുന്നില്ല.

വില്ലേജുകളുടെ പുനഃസംവിധാനത്തിനു നിയമിച്ച കമ്മീഷൻ

*342 [360] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളുടെ പുനഃസംവിധാനത്തിനുള്ള കമ്മീഷന്റെ നിയമനം സംബന്ധിച്ച് എന്തെങ്കിലും നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചിരുന്നോ;

(ബി) കമ്മീഷന്റെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സംഘടനകളെയും വ്യക്തികളെയും പങ്കുകൊള്ളിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) വില്ലേജുകളുടെ പുനഃസംവിധാനത്തിനുവേണ്ടി കമ്മീഷനെ നിയമിച്ചിട്ടില്ല.

(ബി) കൂടുതൽ വില്ലേജുദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നു തീരുമാനിക്കുന്നതിന് അവരുടെ അദ്ധ്വാനഭാരത്തെ സംബന്ധിച്ച ഒരു പഠനം നടത്തുവാൻ റവന്യൂ ബോർഡ് സെക്രട്ടറിയോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്ന അവസരത്തിൽ കേരള സ്റേറററ് വില്ലേജ് സ്റാഫ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയുമായി ബോർഡ് സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

താലൂക്കാഫീസുകളിലെ ജോലിഭാരം

668 [963] ശ്രീ. എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly